"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോഴിക്കോട് കോർപ്പറേഷനിൽ നിന്നും സർജന്റ് തസ്തികയിൽ വിരമിച്ച ശ്രീ. അബ്ദുൾ ലത്തീഫ് അറവങ്ങാട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)951/2023 നമ്പർ കേസിലെ 26.06.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2167/2023/LSGD തീയതി,തിരുവനന്തപുരം, 03-11-2023

---

പരാമർശം:-

1. ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട്ട്, സർക്കാരിൽ സമർപ്പിച്ച 12.11.2022 തീയതിയിലെ അപേക്ഷ(അനക്ഷർ എ7 )
2. ശ്രീ. അബ്ദുൾ ലത്തീഫ് അറവങ്ങാട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)951/2023 നമ്പർ കേസിലെ 26.06.2023 തീയതിയിലെ ഉത്തരവ്.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 06.10.2023 തീയതിയിലെ LSGD/PD/46789/2023-DEF3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പോലീസ് വകുപ്പിൽ നിന്ന് വകുപ്പ് മാറ്റം വഴിയുള്ള നിയമനത്തിലൂടെ മുനിസിപ്പൽ കോമൺസർവ്വീസിലെ കോഴിക്കോട് കോർപറേഷനിൽ Seargent തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നതും, 30/06/2019 ൽ സേവനത്തിൽ നിന്നും വിരമിച്ചതുമായ ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട്ട്, തന്റെ മുൻകാല പോലീസ് വകുപ്പിലെ ട്രെയിനിംഗ് കാലയളവ് പരിഗണിച്ച് ശമ്പളം പുനർനിർണ്ണയം നടത്തണമെന്ന ആവശ്യവുമായി പരാമർശം 1 പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. കൂടാതെ ഇതേ ആവശ്യവുമായി ബന്ധപ്പെട്ട് ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ(ഇകെഎം)951/2023 നമ്പർ കേസിലെ 26.06.2023 തീയതിയിലെ ഉത്തരവ് പ്രകാരം അപേക്ഷകൻ ഒന്നാം എതിർകക്ഷി മുമ്പാകെ ഫയൽ ചെയ്ത അനക്ഷർ എ 7 അപേക്ഷയിൽ, കോടതി ഉത്തരവ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ, ടിയാനെ നേരിൽ കേട്ട് ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശപ്രകാരം ശ്രീ. അബ്ദുൾ ലത്തീഫ് അറവങ്ങാട്ടിനെ 13.09.2023തീയതി തദ്ദേശസ്വയംഭരണ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേട്ടു. ഹിയറിങ് സമയത്തെ ശ്രീ. അബ്ദുൽ ലത്തീഫ് അറവങ്ങാട്ട്-ന്റെ വാദങ്ങൾ പ്രകാരം കേരളം സംസ്ഥാന പോലീസ് വകുപ്പിൽ നിന്ന് വകുപ്പ് മാറ്റം വഴിയുള്ള നിയമനത്തിലൂടെ കോഴിക്കോട് കോർപറേഷനിൽ Seargent- ആയി ജോലി

ചെയ്തുവന്നിരുന്നതായും,. 17.08.1990മുതൽ 08.12.1998 -വരെയാണ് പോലീസ് വകുപ്പിൽ Constable-ആയി സേവനമനുഷ്ഠിച്ചിരുന്നതായും, ടിയാന്റെ പോലീസ് വകുപ്പിലെ പരിശീലനകാലം പെൻഷനും, ശംബള പരിഷ്കരണ weightage-നും പരിഗണിക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു.

3. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള പരാമർശം 3 റിപ്പോർട്ട് പ്രകാരം ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട് എന്നവർ 17/08/1990 തീയതിയിൽ പോലീസ് സേനയിൽ പരിശീലനത്തിൽ പ്രവേശിക്കുകയും 15/05/1991 ന് പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും, തുടർന്ന് 10/06/1991 ന് പോലീസ് കോൺസ്റ്റബിളായി നിയമനം ലഭിക്കുകയും, 08/12/1998 വരെ പ്രസ്തുത ജോലിയിൽ തുടരുകയും ചെയ്തിരുന്നു.ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട് എന്നവർക്ക് മുനിസിപ്പൽ കോമൺ സർവ്വീസിൽ സാർജന്റ് തസ്തികയിൽ നിയമനം ലഭിച്ചതിനാൽ, 08/12/1998 ൽ പോലീസ് സേനയിൽ നിന്ന് നിയമാനുസരണം വിടുതൽ ചെയ്ത്, 09/12/1998 പൂർവ്വാഹ്നം മുതൽ കോഴിക്കോട് കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ചിരുന്നു. 30/06/2019 ൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാടിന് 2020 മാർച്ച് മാസം മുതൽ പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട് എന്നും പോലീസ് വകുപ്പിലെ പരിശീലനകാലം ഉൾപ്പെടുത്തിയുള്ള യാതൊരുവിധ ആനുകൂല്യങ്ങളും ടിയാന് ഇതുവരെ അനുവദിച്ചിട്ടില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു

4. പോലീസ് സേനയിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കി സേനയിൽ സേവനമനുഷ്ഠിച്ചതിനു ശേഷം നിയമാനുസരണം വിടുതൽ ചെയ്ത് ഇതര വകുപ്പുകളിലേക്ക് പോയവർക്ക് അവരുടെ പരിശീലനകാലം, 23/05/2016-ലെ സ.ഉ.(എം .എസ്)നം.160/ 2016 /ആഭ്യ. നമ്പർ ഉത്തരവ് പ്രകാരം 01/07/2014 ൽ 2014 ലെ ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ 200 രൂപ പേഴ്സണൽ പേ ശമ്പള പരിഷ്കരണത്തിനായി അനുവദിച്ചുകൊണ്ടും, പരിശീലനകാലം പെൻഷനും ശമ്പള പരിഷ്കരണത്തിന് വെയിറ്റേജിന് പരിഗണിക്കുന്നതിനും അർഹതയുണ്ടായിരിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. എന്നാൽ മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരുടെ മുൻകാല സർക്കാർ സർവ്വീസ് മുൻസിപ്പൽ കോമൺ സർവ്വീസിലെ സേവനത്തോട് ചേർത്ത് ആനുകൂല്യങ്ങൾക്ക് പരിഗണിക്കുന്നത് സംബന്ധിച്ച് നിലവിൽ ചട്ടങ്ങളോ, കേരള സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥകളോ ഇല്ലെന്നു പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം ശ്രീ. അബ്ദുൽ ലത്തീഫ് അറവങ്ങാട്ട്-ന്റെ വാദങ്ങളുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും മേൽ വിഷയം സംബന്ധിച്ച സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകളുടേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ശ്രീ.അബ്ദുൽ ലത്തീഫിന് ടിയാന്റെ പോലീസ് വകുപ്പിലെ മുൻകാലസേവനം പരിഗണിച്ച് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. പോലീസ് സേനയിലെ പരിശീലനകാലയളവ് പരിഗണിച്ച് ആനുകൂല്യങ്ങൾ പരിഗണിക്കുന്നതിനാണ് നിലവിൽ ടിയാൻ ഒ.എ(ഇകെഎം)951/2023 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളത്. പോലീസ് വകുപ്പിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കിയശേഷം മറ്റ് സർക്കാർ സർവ്വീസുകളിലേക്ക് റിലീവ് ചെയ്ത് പോയവർക്ക് 2014 ലെ ശമ്പള പരിഷ്കരണത്തിന് മുമ്പുള്ള ശമ്പള സ്കെയിലിൽ 200 രൂപ പേഴ്സണൽ പേയും പെൻഷനും ശമ്പള പരിഷ്കരണത്തിന് വെയിറ്റേജും അനുവദിച്ചാണ് 23/05/2016-ലെ ജി.ഒ(എം .എസ്)നം.160/2016/ആഭ്യ.-ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ ടി ഉത്തരവ് പോലീസ് വകുപ്പിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കി സേനയിൽ ജോലി ചെയ്ത ശേഷം മറ്റ് സർക്കാർ വകുപ്പുകളിലേക്ക് നിയമാനുസരണം റിലീവ് ചെയ്ത് പോയവർക്കാണ്

ബാധകം. മുനിസിപ്പൽ കോമൺ സർവ്വീസും സർക്കാർ സർവ്വീസും രണ്ട് വ്യത്യസ്ത സർവ്വീസുകൾ ആണ്. സർക്കാർ സർവ്വീസിലെ സേവനം മുൻസിപ്പൽ കോമൺ സർവ്വീസിലെ സേവനത്തോട് ചേർത്ത് പരിഗണിക്കുന്നതിന് നിലവിൽ ചട്ടങ്ങളോ, വ്യവസ്ഥകളോ ഇല്ല.

6. മേൽ സാഹചര്യത്തിൽ ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാടിന് പോലീസ് സർവ്വീസിലെ പരിശീലന കാലയളവ് പരിഗണിച്ച് മുൻസിപ്പൽ കോമൺ സർവ്വീസിൽ അനുകൂല്യങ്ങൾ അനുവദിക്കണമെന്ന ആവശ്യം പരിഗണനാർഹമല്ലായെന്ന് കണ്ട് നിരസിച്ചുകൊണ്ട് ടിയാന്റെ അനക്ഷ്വർ എ7 അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

7. മേൽ പ്രകാരം ബഹു അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ(ഇകെഎം)951/2023 നമ്പർ കേസിലെ 26.06.2023 തീയതിയിലെ ഉത്തരവ് നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം
ശ്രീ.അബ്ദുൾ ലത്തീഫ് അറവങ്ങാട്, റിട്ട. സാർജന്റ്, (കോഴിക്കോട് കോർപ്പറേഷൻ) അറവങ്ങാട് (ഹൗസ്), കുരുവട്ടൂർ പി.ഒ., കക്കോടി വഴി, കോഴിക്കോട്-673611
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 06-11-2023 09:59:10
സെക്ഷൻ ഓഫീസർ